## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.910 08.01.2014-ൽ മറുപടിക്ക്**

### വാട്ടർ അതോറിറ്റി നടപ്പാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ.തോമസ് ചാണ്ടി | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) കുട്ടനാട് നിയോജക മണ്ഡല ത്തിൽ 2012-2013 സാമ്പത്തിക വർഷത്തിൽ വരൾച്ച ദുരിതാശ്വാസ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റി മുഖാന്തിരം എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കി യിട്ടുണ്ടെന്നുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ ; | (എ) കുട്ടനാട് താലൂക്കിൽ ആലപ്പുഴ ജില്ലാകളക്ടറുടെ ഫണ്ട് ഉപയോഗിച്ച് 16 സ്ഥലങ്ങളിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്ന ജോലി, വാൽവ് മാറ്റി സ്ഥാപിക്കൽ, കുഴൽ കിണറുകളുടെ കേടായ പൈപ്പുകൾ മാറ്റുന്ന ജോലി തുടങ്ങിയവയും കൂടാതെ കേരള വാട്ടർ അതോറിറ്റി ഫണ്ട് ഉപയോഗിച്ച് മൂന്നു കുഴൽക്കിണർ സ്ഥാപിക്കുകയും പുതുതായി ഒരു പമ്പ് സെറ്റ് സ്ഥാപിക്കുന്ന ജോലിയും പൂർത്തി യായി. |
| (ബി) പ്രസ്തു പദ്ധതിയിൽ ഉൾ പ്പെടുത്തിയിട്ടുള്ള ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് ആരംഭിക്കാനുള്ളതെന്നും ഏതൊക്കെയാണ് പൂർത്തീകരിക്കുവാനുള്ളതെന്നും വിശദമാക്കുമോ? | (ബി) പ്രസ്തുത പദ്ധതിയിൽ ഉൾ പ്പെടുത്തി യിട്ടുള്ള പദ്ധതികളിൽ ഒന്നും തന്നെ ആരംഭിക്കുവാനില്ല. ജില്ലാകളക്ടറുടെ ഫണ്ട് ഉപയോഗിച്ച് ചെയ്യുവാനുള്ള 4 പ്രവർത്തികൾ ഇനി പൂർത്തി യാക്കാനുണ്ട്. അവ താഴെ ചേർക്കുന്നു.<br>1)കൈനകരി പഞ്ചായത്തിൽ കേടായ 90 എം.എം HDPE പൈപ്പ് മാറ്റി പുതിയ ലൈൻ സ്ഥാപിക്കുവാൻ തുക - **ഒരു ലക്ഷം രൂപ** |

2. കൈനകരി പഞ്ചായത്തിൽ ജനകീയ തോട് മുതൽ കമ്മട്ടിക്കളം വരെപൈപ്പ് ലൈൻ നീട്ടൽ - 5 **ലക്ഷം രൂപ**

3. നെടുമുടി പഞ്ചായത്തിൽ അഞ്ചങ്ങാടി മുതൽ വിളക്കമരം ജട്ടിവരെ ലൈൻ നീട്ടൽ - **5 ലക്ഷം രൂപ**

4. നെടുമുടി പഞ്ചായത്തിൽ പുത്തൻ പറവുമുതൽ കോയിക്കാട് വരെ ലൈൻ നീട്ടൽ തുക - **5 ലക്ഷം രൂപ**

സെക്ഷൻ ഓഫീസർ